തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ളിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം 33 -

Phone : 0471 2324951
0471 2325071
Tele FAX : 0471 2324951
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

നം. A3/CMO/CE/LSGD/2021

തീയതി : 22/11/2021

# പരിപത്രം

വിഷയം:- തസ്വഭവ - (LID & EW) - ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ - മറുപടി ലഭ്യമാക്കുന്നത് - ബന്ധിച്ച്.

സൂചന:- ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ 11.11.2021-ലെ സി.എം.സി.സി-9/24/21/സി.എം.സി.സി നമ്പർ അർദ്ധ ഔദ്യോഗിക കത്ത്

ബഹു. മുഖ്യമന്ത്രിയ്ക്ക് പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ തുടർ നടപടി സ്വീകരിച്ച് തീർപ്പാക്കേണ്ടുന്നതിന്റെ ഭാഗമായി CMO Portal മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭ്യമായ പരാതികൾ ബന്ധപ്പെട്ട ഡിവിഷൻ കാര്യാലയങ്ങളിലേയ്ക്ക് ഇ-മെയിൽ സന്ദേശം അയയ്ക്കുകയും പല പ്രാവശ്യം ഇത് സംബന്ധിച്ച് സർക്കുലർ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി പരാതികൾക്കുള്ള മറുപടികൾ പൂർണ്ണമായും ഈ കാര്യാലയത്തിൽ ലഭ്യമായിട്ടില്ല. 05.10.2021-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ വകുപ്പ് സെക്രട്ടറിമാരുടെയും, വകുപ്പ് അധ്യക്ഷൻമാരുടെയും യോഗത്തിൽ ലഭിക്കുന്ന പരാതികൾ 15 ദിവസത്തിനകം തീർപ്പാക്കി മറുപടി നൽകുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിലെ 11.11.2021-ലെ സി.എം.സി.സി-9/24/21/സി.എം.സി.സി നമ്പർ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം തീർപ്പാക്കേണ്ടുന്ന ഓരോ പരാതിയും സഗൗരവം പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് മുന്നറിയിപ്പ് നൽകിയിരിക്കുകയാണ്. ആയതിനാൽ അതാത് കാര്യാലയങ്ങളിൽ കുടിശ്ശികയായിട്ടുള്ള എല്ലാ പരാതിയുടെയും മറുപടി അടിയന്തിരമായി ഈ കാര്യാലയത്തിൽ CMO Portal മുഖാന്തിരം 30.11.2021-നകം സമർപ്പിക്കേണ്ടതാണ്. ടി വിഷയത്തിൽ വരുത്തുന്ന വീഴ്ചകൾക്ക് അതാത് കാര്യാലയത്തിന്റെ മേലധികാരിയിൽ ഉത്തരവാദിത്തം നിക്ഷിപ്തമായിരിക്കുകയും, അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് നിർബന്ധിതമാകുകയും ചെയ്യും.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P. 1278